(ഇ) വ്യാജ മുദ്രപത്രത്തിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളാണോ നാശോൻമുഖമായതെന്ന് കാണിച്ച് അപേക്ഷ നൽകിയതെന്ന കാര്യം അന്വേഷിക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ആധാരങ്ങളുടെ പകർപ്പിനായി ഇക്കഴിഞ്ഞ രണ്ടു വർഷം 3,21,826 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കാരണം വ്യക്തമല്ല.

(ഇ) ഇക്കാര്യവും അന്വേഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

നികുതിഭാരം കുറയ്ക്കുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടിയിലെ വെട്ടിപ്പ് തടയുന്നതിനും നടപടി

*18 [168] ശ്രീ. വി. ചെന്താമരാക്ഷൻ:
,, കെ. കെ. ജയചന്ദ്രൻ:
,, വി. കെ. സി. മമ്മത് കോയ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിഭാരം കുറയ്ക്കുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടിയിലെ വെട്ടിപ്പ് തടയുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉത്തരവിലെ പാകപ്പിഴകൾ കാരണം ഇഷ്ടദാന-ഭാഗ പത്ര നിരക്കുകൾ കുതിച്ചുയരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിലയാധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി പകുതിയാക്കി കുറച്ചുവെങ്കിലും ഇഷ്ടദാന-ഭാഗപത്ര രജിസ്ട്രേഷനുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (സി. എഫ്. തോമസ്):

(എ) സ്റ്റാമ്പ് ഡ്യൂട്ടി, സർച്ചാർജ്ജ് എന്നിവയിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ 12%, 14.5%, 15.5% എന്നിങ്ങനെയായിരുന്നത് യഥാക്രമം 6%, 7%, 8% എന്നിങ്ങനെയായി കുറച്ചിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയിലെ വെട്ടിപ്പ് തടയുന്നതിനായി ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇഷ്ടദാന, ഭാഗപത്ര നിരക്കുകളിൽ കുറവു വരുത്താത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ക്രീമീലെയർ മാനദണ്ഡങ്ങൾ

*19 [169] ശ്രീ. എ.പി. മുരളി:
,, ഡൊമനിക് പ്രസന്റേഷൻ:
,, കെ. ബാബു:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിൽ സംവരണം നൽകുന്ന കാര്യത്തിൽ എന്തു തുകയ്ക്കുമേൽ വരുമാനമുള്ളവരെയാണ് ക്രീമിലെയറിൽപ്പെട്ടവരായി കണക്കാക്കുന്നത്;

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റ് സർവ്വീസുകളിലേക്കുള്ള നിയമനത്തിൽ ഉദ്യോഗാർത്ഥികൾ ക്രീമിലെയറിൽപ്പെട്ടവരാണോ എന്ന് തീരുമാനിക്കുന്നതിന് ഒരേ തോതിലുള്ള വരുമാനമാണോ നിശ്ചയിച്ചിട്ടുള്ളത്;

(സി) അല്ലാത്തപക്ഷം കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും കാര്യത്തിൽ എന്തു തുകയ്ക്കുമേൽ വരുമാനമുള്ളവരെയാണ് ക്രീമിലെയറിൽപ്പെടുന്നതായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്;

(ഡി) ഈ തുക നിർണ്ണയിക്കുന്ന കാര്യത്തിൽ എന്തെല്ലാം വിധത്തിലുള്ള വരവുകളാണ് കണക്കാക്കുന്നത്;

(ഇ) കേന്ദ്ര സർവ്വീസിലും സംസ്ഥാന സർവ്വീസിലും നിയമനം നൽകുന്ന കാര്യത്തിൽ ക്രീമിലെയർ ഇല്ലാത്തതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സമുദായങ്ങൾ ഏതെല്ലാമാണ്;

(എഫ്) ഈ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ കുടുംബ വരുമാനം റിസർവേഷൻ അനുവദിക്കുന്ന കാര്യത്തിൽ പ്രസക്തമാണോ; ആണെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ജി) ഈ സമുദായങ്ങളുടെ കാര്യത്തിൽ വരുമാനം പ്രസക്തമല്ലാത്തപക്ഷം പ്രസ്തുത സമുദായത്തിൽപ്പെടുന്നവർക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബന്ധപ്പെട്ട സർട്ടിഫിക്കറ്റിൽ വരുമാനം പറയുന്നതെന്തിനെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly